LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശിച്ചിട്ടുണ്ട്. കൃഷി ഭവനുകൾക്ക് ആധുനികമുഖം നൽകിക്കൊണ്ട് ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി കർഷകർക്ക് വിവിധ സേവനങ്ങൾ ഉടനടി സുതാര്യമായും കാര്യക്ഷമതയോടും കൂടെ നേരിട്ട് കർഷകരിലേയ്ക്കെത്തിക്കുകയും കർഷകർക്കാവശ്യമായ വിവിധ വിവരങ്ങൾ അവരുടെ വിരൽത്തുമ്പിൽ എത്തിക്കുകയും ചെയ്യുന്ന പദ്ധതിയാണ് സ്മാർട്ട് കൃഷി ഭവനുകൾ. ഫ്രണ്ട് ഓഫീസ് അടക്കമുള്ള ഇത്തരം സംവിധാനങ്ങളും കൃഷിയിലെ ആധുനിക സാങ്കേതികവിദ്യകളെക്കുറിച്ചുള്ള വിവരവും ഓൺലൈൻ വിപണന സംവിധാനങ്ങളും കൂടുതൽ യുവാക്കളെ കൃഷിഭവനുകളിലേക്കെത്തിക്കാനും കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കാനും സഹായകരമാവും.

ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനം, അഗ്രി-ഓൺലൈൻ പ്ലാറ്റ്ഫോം ഫോർ ഇ-ട്രേഡിങ്ങ് ആൻഡ് ബ്ലോക്ക് ചെയിൻ ഡാറ്റ മാനേജ്മെന്റ് സംവിധാനം - ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ വിളകളുടെ സംഭരണത്തിനും വിപണനത്തിനുമുള്ള സംവിധാനമാണ്. കർഷകരുടെ പക്കൽനിന്നും നേരിട്ട് സംഭരിക്കുന്ന ഉത്പന്നങ്ങൾ സംഭരിച്ച്, മിനിമൽ പ്രോസസ്സിംഗ് നടത്തി നേരിട്ട് ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിന് സഹായിക്കുന്ന ഓൺലൈൻ പ്ലാറ്റ്ഫോം സംഭരണ വിതരണ സംവിധാനമാണ് ഇത്. 2021-22-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ നിർദ്ദേശിച്ചിട്ടുള്ള പദ്ധതിയാണിത്.

സീഡ്സ് കോർപ്പറേഷൻ വഴി നൽകിയ നെൽവിത്ത്

32 (1017) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ കഴിഞ്ഞ സീസണിൽ നാഷണൽ സീഡ്സ് കോർപ്പറേഷൻ വഴി നൽകിയ നെൽവിത്ത് ഒരേ ചാക്കിൽത്തന്നെ വ്യത്യസ്ത കാലയളവ് മൂപ്പുള്ള വിത്തായിരുന്നുവെന്നും തന്മൂലം കർഷകർക്ക് കൊയ്ത്തിന് വളരെയേറെ പ്രയാസങ്ങൾ നേരിട്ടുവെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാഷണൽ സീഡ് കോർപ്പറേഷനിൽനിന്നും വാങ്ങിയ നെൽവിത്തിലാണ് പ്രശ്നങ്ങൾ ഉണ്ടായിട്ടുള്ളത്. പരാതി ലഭിച്ചതിനെ തുടർന്ന് മണലൂർ മണ്ഡലത്തിലെ അരിമ്പൂർ, തോളൂർ പഞ്ചായത്തിലെ പാടശേഖരങ്ങളിൽ കൃഷി വകുപ്പ്, കേരള കാർഷിക സർവ്വകലാശാല എന്നിവയിലെ അംഗങ്ങൾ അടങ്ങുന്ന സംയുക്ത സംഘം സ്ഥലപരിശോധന നടത്തുകയും സ്ഥിതി വിലയിരുത്തുകയും ചെയ്തു. ഇതു സംബന്ധിച്ച കാർഷിക

LIBRARY ARCHIVES Kerala Legislative Assembly

സർവ്വകലാശാലയിലെ ഗവേഷണ വിഭാഗത്തിന്റെ റിപ്പോർട്ടിൻ പ്രകാരം ചില സ്ഥലങ്ങളിൽ പൗർണമി നെൽവിത്തിന്റെ കലർപ്പുമൂലമോ മറ്റ് ചില പാടങ്ങളിൽ കാലാവസ്ഥാ വ്യതിയാനംകൊണ്ട് വിത്തിനുണ്ടായ സ്വഭാവ വ്യത്യാസംമൂലമോ ആകാം വ്യത്യസ്ത കാലയളവിൽ ഉണ്ടായ കതിരിടൽ എന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ബി) ഈ സീസണിൽ ഗ്രണമേന്മയുള്ള മൂപ്പ് കുറഞ്ഞ നെൽവിത്തുകൾ സമയബന്ധിതമായി കർഷകർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

അത്യുൽപ്പാദന ശേഷിയുള്ള നെൽവിത്തിനങ്ങൾ പാടശേഖര സമിതികൾ/ വ്യക്തിഗത കർഷകർ എന്നിവർ രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതി പ്രകാരം ഉൽപ്പാദിപ്പിക്കുന്നു. ആയത്, സംസ്ഥാന വിത്തു പരിശോധനാ ലാബിൽ പരിശോധന നടത്തി ഗ്രണമേന്മ ഉറപ്പ് വരുത്തിയ ശേഷം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കൃഷി അഡീഷണൽ ഡയറക്ടർ (സി.പി.)-യുടെ അന്തിമാനുമതിക്ക് വിധേയമായി കർഷകരിൽ നിന്നും സംഭരിച്ച് വിതരണം നടത്തിവരുന്നുണ്ട്. മൂപ്പ് കുറഞ്ഞ ഇനം നെൽവിത്തുകളായ ജ്യോതി, ശ്രേയസ് എന്നീ ഇനം നെൽവിത്തുകൾ കൃഷിഭവനുകളുടെ ആവശ്യാനുസരണം സീഡ് അതോറിറ്റി വിതരണം ചെയ്തു വരുന്നുണ്ട്. സീഡ് അതോറിറ്റിയിൽ ലഭ്യമല്ലാത്ത വിത്തിനങ്ങൾ സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രങ്ങൾ, കേരള കാർഷിക സർവകലാശാല, നാഷണൽ സീഡ്സ് കോർപ്പറേഷൻ, കർണ്ണാടക സംസ്ഥാന വിത്ത് കോർപ്പറേഷൻ, ആന്ധ്രാപ്രദേശ് സംസ്ഥാന വിത്ത് കോർപ്പറേഷൻ എന്നിവിടങ്ങളിൽനിന്ന് ശേഖരിച്ച് സംസ്ഥാനത്ത് വിതരണം ചെയ്തുവരുന്നുണ്ട്.

കാർഷിക മേഖലയുടെ അഭിവൃദ്ധി

33 (1018) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ അഭിവൃദ്ധിയുടെ ഭാഗമായി സംസ്ഥാനത്ത് മണ്ണ് പരിശോധന, വളങ്ങളുടെ പരിശോധന എന്നിവ ശക്തിപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉല്പാദന മേഖലയെ സാരമായി ബാധിക്കുന്ന ഇത്തരം ഇടപെടലുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ എല്ലാ പഞ്ചായത്തുകളിലും നടത്താൻ നടപടികൾ ഉണ്ടാകുമോ?

മണ്ണ് പരിശോധനയുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കൃഷി ഭവനുകൾ മുഖേന മണ്ണ് സാമ്പിളുകൾ ശേഖരിച്ച്